# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.12 27.02.2017 - ൽ മറുപടിയ്ക്ക്

## ട്രാൻസ് പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് :<br>ശ്രീ.എം.ഉമ്മർ :<br>ശ്രീ.സി മമ്മൂട്ടി :<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ: | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ) |
| (എ) സംസ്ഥാനത്ത് അവയവ ദാന ശസ്ത്രക്രിയകൾക്കുള്ള സംവിധാനത്തിന്റെ പരിമിതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇത്തരം ശസ്ത്രക്രിയകൾക്കുള്ള സംവിധാനം കാര്യക്ഷമമാക്കാൻ സ്വീകരിക്കുന്ന നടപടികളെ സംബന്ധിച്ച് വിശദമാക്കാമോ; | (ബി) അവയവദാന ശസ്ത്രക്രിയകളിൽ 80% നടക്കുന്നത് സ്വകാര്യ ആശുപത്രികളിലാണ്. ചികിത്സാ നിരക്കുകൾ സംബന്ധിച്ചും മറ്റുമുള്ള പരാതികൾ ഉയർന്നുവന്ന സാഹചര്യത്തിൽ ഇക്കാര്യങ്ങൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിന് തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ അദ്ധ്യക്ഷനായി ഒരു സമിതിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. അവയവ ശസ്ത്രക്രിയ നടത്തുന്ന എല്ലാ ആശുപത്രികളേയും സംയോജിപ്പിച്ചുകൊണ്ട് നാഷണൽ ഇൻഫർമാറ്റിക് സെന്റർ മുഖാന്തിരം ഒരു കമ്പ്യൂട്ടർ ശൃംഖല നടപ്പിൽ വരുത്തുന്നതിന് നടപടി ക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്, പേര് രജിസ്റ്റർ |

| | |
|---|---|
| | ചെയ്യുന്ന രോഗികളുടെ മുൻഗണനാ ക്രമവും അടിയന്തരഘട്ടവും അടിസ്ഥാനമാക്കി നിഷ്പക്ഷമായും സുതാര്യമായും അവയവദാനം നടത്തുവാൻ ഇതുവഴി സാധിക്കുന്നതാണ്. |
| (സി) നിലവിലെ പരിമിതികൾ തരണം ചെയ്യുന്നതിനായി സർക്കാർ തലത്തിൽ ട്രാൻസ് പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ